പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 192

# 2019-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

Published on 24-05-19

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 192

# 2019-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ

412/2019.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 192

# 2019-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ

2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ആക്റ്റ് (2017-ലെ 15) ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാകുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2019-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ആക്റ്റിലെ (2017-ലെ 15) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക), 2-ാം വകുപ്പിൽ,—

(എ) നിലവിലുള്ള (എ) ഖണ്ഡം (എഎ) ഖണ്ഡമായി പുനരക്ഷരം ചെയ്യേണ്ടതും അങ്ങനെ പുനരക്ഷരം ചെയ്ത (എഎ) ഖണ്ഡത്തിനു മുൻപായി താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതുമാണ്, അതായത് :—

"(എ) "പ്രവേശന മേൽനോട്ട സമിതി" എന്നാൽ 3-ാം വകുപ്പ് പ്രകാരം രൂപീകരിച്ച പ്രവേശന മേൽനോട്ട സമിതി എന്നർത്ഥമാകുന്നു;";

(ബി) നിലവിലുള്ള (ഡി) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

"(ഡി) "സമിതികൾ" എന്നാൽ 3-ാം വകുപ്പ് പ്രകാരം രൂപീകരിച്ച പ്രവേശന മേൽനോട്ട സമിതിയും 3 എ വകുപ്പ് പ്രകാരം രൂപീകരിച്ച ഫീസ് നിയന്ത്രണ സമിതിയും എന്നർത്ഥമാകുന്നു;";

(സി) നിലവിലുള്ള (എഫ്) ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

"(എഫ്എ) "ഫീസ് നിയന്ത്രണ സമിതി" എന്നാൽ 3 എ വകുപ്പ് പ്രകാരം രൂപീകരിച്ച ഫീസ് നിയന്ത്രണ സമിതി എന്നർത്ഥമാകുന്നു;".

3. <u>3-ാം വകുപ്പിന് പകരം പുതിയ വകുപ്പുകൾ ചേർക്കൽ.</u>—പ്രധാന ആക്റ്റിലെ 3-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത് :—

"3. <u>പ്രവേശന മേൽനോട്ട സമിതിയുടെ രൂപീകരണം.</u>—സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള വിദ്യാർത്ഥികളുടെ പ്രവേശന പ്രക്രിയയുടെ മേൽനോട്ടം വഹിക്കുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും വേണ്ടി സർക്കാർ, ഗസറ്റ് വിജ്ഞാപനം വഴി, താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയ ഒരു പ്രവേശന മേൽനോട്ട സമിതി രൂപീകരിക്കേണ്ടതാണ്, അതായത് :—

| | | |
|---|---|---|
| (എ) ഹൈക്കോടതിയിൽ നിന്ന് വിരമിച്ച ഒരു ജഡ്ജി | - | ചെയർപേഴ്സൺ |
| (ബി) ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറി (എക്സ്-ഒഫീഷ്യോ) | - | മെമ്പർ സെക്രട്ടറി |
| (സി) നിയമ സെക്രട്ടറി (എക്സ്-ഒഫീഷ്യോ) | - | അംഗം |
| (ഡി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ ഒരു പ്രതിനിധി | - | അംഗം |
| (ഇ) പ്രവേശന പരീക്ഷാ കമ്മീഷണർ (എക്സ്-ഒഫീഷ്യോ) | - | അംഗം |
| (എഫ്) ചെയർപേഴ്സണുമായി കൂടിയാലോചിച്ച്, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, പട്ടികജാതിയിലോ പട്ടിക ഗോത്ര വർഗ്ഗത്തിലോപെട്ട ഒരു വിദ്യാഭ്യാസ വിദഗ്ധൻ | - | അംഗം. |

3 എ. ഫീസ് നിയന്ത്രണ സമിതിയുടെ രൂപീകരണം.—സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികളിൽ നിന്നും ചുമത്താവുന്ന ഫീസ് നിശ്ചയിക്കുന്നതിനു വേണ്ടി സർക്കാർ, ഗസറ്റ് വിജ്ഞാപനം വഴി, താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയ ഒരു ഫീസ് നിയന്ത്രണ സമിതി രൂപീകരിക്കേണ്ടതാണ്, അതായത് :—

(എ) ഹൈക്കോടതിയിൽ നിന്ന് വിരമിച്ച ഒരു ജഡ്ജി - ചെയർപേഴ്സൺ

(ബി) ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറി (എക്സ്-ഒഫീഷ്യോ) - മെമ്പർ സെക്രട്ടറി

(സി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ ഒരു പ്രതിനിധി - അംഗം

(ഡി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു ചാർട്ടേർഡ് അക്കൗണ്ടന്റ് - അംഗം

(ഇ) സമിതി തിരഞ്ഞെടുക്കുന്ന സ്വതന്ത്രനായ ഒരു വ്യക്തി- അംഗം.".

4. 4-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 4-ാം വകുപ്പിൽ,—

(എ) ശീർഷകത്തിൽ "സമിതിയുടെ" എന്ന വാക്കിനു പകരം "സമിതികളുടെ" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ബി) (1)-ാം ഉപവകുപ്പിൽ "സമിതിയിലെ" എന്ന വാക്കിന് പകരം "സമിതികളിലെ" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(സി) (2)-ാം ഉപവകുപ്പിൽ "സമിതിയിലെ" എന്ന വാക്കിന് പകരം "സമിതികളിലെ" എന്ന വാക്കും "സമിതി" എന്ന വാക്കിന് പകരം "സമിതികൾ" എന്ന വാക്കും ചേർക്കേണ്ടതാണ്;

(ഡി) (6)-ാം ഉപവകുപ്പിൽ "സമിതിയുടെ" എന്ന വാക്കിന് പകരം "സമിതികളുടെ" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ഇ) (7)-ാം ഉപവകുപ്പിൽ "സമിതി" എന്ന വാക്കിന് പകരം "സമിതികൾ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

5. 5-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 5-ാം വകുപ്പിൽ,—

(എ) ശീർഷകത്തിൽ "സമിതിയുടെ" എന്ന വാക്കിനു പകരം "സമിതികളുടെ" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ബി) (1)-ാം ഉപവകുപ്പിൽ "സമിതി" എന്ന വാക്കിന് പകരം "സമിതികൾ" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(സി) (2)-ാം ഉപവകുപ്പിൽ "സമിതിയുടെ" എന്ന വാക്കിന് പകരം "അതതു സമിതികളിലെ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ഡി) (3)-ാം ഉപവകുപ്പ് വിട്ടുകളയേണ്ടതാണ്.

6. <u>6-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 6-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ "സമിതിയുടെ" എന്ന വാക്കിന് പകരം "സമിതികളിലെ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

7. <u>7-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 7-ാം വകുപ്പിൽ,—

(എ) ശീർഷകത്തിൽ "സമിതിയുടെ" എന്ന വാക്കിനു പകരം "സമിതികളിലെ" എന്ന വാക്ക് ചേർക്കേണ്ടതാണ് ;

(ബി) (1)-ാം ഉപവകുപ്പിൽ "സമിതിയുടെ" എന്ന വാക്കിന് പകരം "സമിതികളുടെ" എന്ന വാക്കും "സമിതിക്ക്" എന്ന വാക്കിന് പകരം "സമിതികൾക്ക്" എന്ന വാക്കും ചേർക്കേണ്ടതാണ്";

(സി) (2)-ാം ഉപവകുപ്പിൽ "സമിതിയുടെ" എന്ന വാക്കിന് പകരം "സമിതികളുടെ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

8. <u>പുതിയ വകുപ്പ് ചേർക്കൽ.</u>—പ്രധാന ആക്റ്റിലെ 8-ാം വകുപ്പ് 8 <u>എ</u> വകുപ്പായി പുനരക്കം ചെയ്യേണ്ടതും അപ്രകാരം പുനരക്കം ചെയ്ത 8 <u>എ</u> വകുപ്പിന് മുമ്പായി താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതുമാണ്, അതായത് :—

"8. <u>പ്രവേശന മേൽനോട്ട സമിതിയുടെ അധികാരങ്ങളും ചുമതലകളും.</u>—(1) പ്രവേശന മേൽനോട്ട സമിതി താഴെപ്പറയുന്ന അധികാരങ്ങൾ വിനിയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ്, അതായത് :—

(എ) ഈ ആക്റ്റിലെയോ അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയോ വ്യവസ്ഥകൾക്ക് വിരുദ്ധമായ പ്രവേശനം സംബന്ധിച്ച ഒരു പരാതി ലഭിക്കുമ്പോൾ പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിലോ അല്ലെങ്കിൽ സ്വമേധയായോ ഏതെങ്കിലും സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനം, അപ്രകാരമുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവേശനം നടത്തുകയോ ഈ ആക്റ്റിന്റെ വ്യവസ്ഥകൾ പ്രകാരം നിശ്ചയിക്കപ്പെട്ട ഫീസിൽ കൂടുതൽ ഫീസ് വസൂലാക്കുകയോ ക്യാപ്പിറ്റേഷൻ ഫീസോ കൊള്ളലാഭമോ സ്വീകരിക്കുകയോ ചെയ്യുന്നതിൽ അന്വേഷണം നടത്തുന്നതിനും അന്വേഷണം നടത്തുന്ന ആവശ്യത്തിലേക്കായി സ്ഥാപനത്തിൽ പരിശോധന നടത്തുന്നതിനും;

(ബി) സർക്കാരിന്റെയോ ബന്ധപ്പെട്ട സർവ്വകലാശാലയുടെയോ അല്ലെങ്കിൽ സമുചിത അധികാരസ്ഥാനത്തിന്റെയോ നിർദ്ദേശത്തിൻമേൽ ബന്ധപ്പെട്ട വകുപ്പ് തയ്യാറാക്കിയ ഏതെങ്കിലും പരിശോധനാ റിപ്പോർട്ടിൻമേൽ; (എ) ഖണ്ഡപ്രകാരമുള്ള ഒരു അന്വേഷണം നടത്തിയതിനുശേഷം,ഉചിതമായ നടപടി സ്വീകരിക്കുന്നതിനും;

(സി) പ്രവേശനത്തെ സംബന്ധിച്ച്, ഈ ആക്ടിലെയോ അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലെയോ വ്യവസ്ഥകൾ അങ്ങനെയുള്ള സ്ഥാപനം ലംഘിച്ചുവെന്ന് ബോധ്യമാകുന്നപക്ഷം അങ്ങനെയുള്ള സ്ഥാപനത്തിനെതിരെ താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കുന്നതിനായി സർക്കാരിനോട് ശിപാർശ ചെയ്യാവുന്നതാണ്, അതായത് :—

(i) പത്തുലക്ഷം രൂപ വരെ പണമായുള്ള പിഴയും അതിൻമേൽ പ്രതിവർഷം പന്ത്രണ്ട് ശതമാനം എന്ന നിരക്കിൽ പലിശയും ചേർത്ത് സ്ഥാപനത്തിൻമേൽ ചുമത്തി അത് ഭൂമിയിൻമേലുള്ള പൊതുകര കുടിശ്ശിക എന്ന പോലെ ഈടാക്കുക;

(ii) ഈ ആക്ടിലെയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയോ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഒരു സ്ഥാപനത്തിലെ ഏതെങ്കിലും അല്ലെങ്കിൽ എല്ലാ സീറ്റുകളും സംബന്ധിച്ച് നടത്തിയ പ്രവേശനം അസാധുവാണെന്ന് പ്രഖ്യാപിക്കുക, അതിനുശേഷം ആ സ്ഥാപനം, അങ്ങനെയുള്ള വിദ്യാർത്ഥിയുടെ പ്രവേശനം ഉടനടി റദ്ദാക്കുന്നതിനും അങ്ങനെയുള്ള വിദ്യാർത്ഥിയുടെ എൻറോൾമെന്റ് ബന്ധപ്പെട്ട സർവ്വകലാശാല റദ്ദാക്കുന്നതിനും വിദ്യാർത്ഥി അതിനകം ഹാജരായിട്ടുള്ള ബന്ധപ്പെട്ട പരീക്ഷകളിലെ അയാളുടെ പരീക്ഷാഫലം റദ്ദാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുക;

(iii) ഏതെങ്കിലും മെഡിക്കൽ കോളേജിലേക്ക് അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള കാലയളവിലേക്ക് പ്രവേശനം നിർത്തിവയ്ക്കുവാനോ അനുവദിക്കപ്പെട്ട സീറ്റുകളുടെ എണ്ണം കുറയ്ക്കുവാനോ സ്ഥാപനത്തിന് ഉത്തരവ് നൽകുക;

(iv) സ്ഥാപനത്തിന്റെ അംഗീകാരം പിൻവലിക്കുവാൻ സർവ്വകലാശാലയോടോ സമുചിത അധികാരസ്ഥാനത്തോടോ ശിപാർശ ചെയ്യുക;

(v) അതിന് യുക്തമെന്നു തോന്നുന്ന മറ്റേതെങ്കിലും നടപടികൾ.

(2) സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം നീതിയുക്തവും സുതാര്യവുമായ രീതിയിലാണ് നടത്തിയിട്ടുള്ളത് എന്ന് പ്രവേശന മേൽനോട്ട സമിതി ഉറപ്പുവരുത്തേണ്ടതാണ്.

(3) ഈ വകുപ്പിൻ കീഴിൽ നടത്തേണ്ടുന്ന ഏതെങ്കിലും അന്വേഷണത്തിന്റെ ആവശ്യത്തിലേക്കായി, പ്രവേശന മേൽനോട്ട സമിതിക്ക്, 1908-ലെ സിവിൽ നടപടി

നിയമസംഹിത (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) പ്രകാരം ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഒരു സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളും താഴെപ്പറയുന്ന കാര്യങ്ങളെ സംബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(എ) ഏതെങ്കിലും സാക്ഷിയെ വിളിച്ചുവരുത്തുന്നതിനും ഹാജരാകൽ ഉറപ്പു വരുത്തുന്നതിനും സത്യപ്രസ്താവനയിന്മേൽ വിസ്തരിക്കുന്നതിനും;

(ബി) ഏതെങ്കിലും രേഖ കണ്ടെത്തുവാനും ഹാജരാക്കുവാനും ആവശ്യപ്പെടുന്നതിനും;

(സി) സത്യവാങ്മൂലത്തിന്മേൽ തെളിവ് സ്വീകരിക്കുന്നതിനും;

(ഡി) സാക്ഷികളെ വിസ്തരിക്കുന്നതിനും സ്ഥലപരിശോധന നടത്തുന്നതിനും വേണ്ടി കമ്മീഷനുകളെ അയയ്ക്കുന്നതിനും.".

9. <u>8 എ വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ പുനരക്കം ചെയ്ത 8 <u>എ</u> വകുപ്പിന്റെ,—

(എ) ശീർഷകത്തിൽ "സമിതിയുടെ" എന്ന വാക്കിനു പകരം "ഫീസ് നിയന്ത്രണ സമിതിയുടെ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (1)-ാം ഉപവകുപ്പിൽ,—

(i) "സമിതി" എന്ന വാക്കിനു പകരം "ഫീസ് നിയന്ത്രണ സമിതി" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (എ) ഖണ്ഡത്തിൽ "സമിതിയെ" എന്ന വാക്കിനു പകരം "ഫീസ് നിയന്ത്രണ സമിതിയെ" എന്ന വാക്കുകളും "ആവശ്യപ്പെടാവുന്നതും" എന്ന വാക്കിന് പകരം "ആവശ്യപ്പെടാവുന്നതാണ്" എന്ന വാക്കും ചേർക്കേണ്ടതും "അപ്രകാരം സമിതി നിശ്ചയിച്ച ഫീസിന് സർക്കാർ വിജ്ഞാപനം ചെയ്യാവുന്ന അങ്ങനെയുള്ള കാലയളവിലേക്ക് സാധുതയുണ്ടായിരിക്കുന്നതുമാകുന്നു" എന്ന വാക്കുകൾ വിട്ടുകളയേണ്ടതുമാണ്;

(iii) (ബി) ഖണ്ഡം വിട്ടുകളയേണ്ടതാണ്;

(iv) (സി) ഖണ്ഡവും അതിന്റെ ഇനങ്ങളും ക്ലിപ്ത നിബന്ധനയും വിട്ടുകളയേണ്ടതാണ്;

(സി) (2)-ാം ഉപവകുപ്പിൽ "സമിതിക്ക്" എന്ന വാക്കിനു പകരം "ഫീസ് നിയന്ത്രണ സമിതിക്ക്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ഡി) (3)-ാം ഉപവകുപ്പിൽ "സമിതി" എന്ന വാക്കിനു പകരം "ഫീസ് നിയന്ത്രണ സമിതി" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ഇ) (4)-ാം ഉപവകുപ്പിൽ,—

(i) "സമിതിക്ക്, പ്രവേശനമോ ഫീസോ" എന്ന വാക്കുകൾക്ക് പകരം "ഫീസ് നിയന്ത്രണ സമിതിക്ക് ഫീസ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (ബി) ഖണ്ഡം വിട്ടുകളയേണ്ടതാണ്;

(iii) (സി) ഖണ്ഡം (ബി) ഖണ്ഡമായി പുനരക്ഷരം ചെയ്യേണ്ടതും അങ്ങനെ പുനരക്ഷരം ചെയ്ത (ബി) ഖണ്ഡത്തിൽ "സമിതി" എന്ന വാക്കിനുപകരം "ഫീസ് നിയന്ത്രണ സമിതി" എന്ന വാക്കുകൾ ചേർക്കേണ്ടതുമാണ്;

(iv) (ഡി) ഖണ്ഡം വിട്ടുകളയേണ്ടതും (ഇ) ഖണ്ഡവും (എഫ്) ഖണ്ഡവും യഥാക്രമം (സി) ഖണ്ഡമായും (ഡി) ഖണ്ഡമായും പുനരക്ഷരം ചെയ്യേണ്ടതുമാണ്;

(എഫ്) നിലവിലുള്ള (5)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"(5) (4)-ാം ഉപവകുപ്പ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കുവാൻ സർക്കാരിനോട് ശിപാർശ ചെയ്യുന്നതിന് മുൻപ് സ്ഥാപനത്തിന് പറയാനുള്ളത് പറയുവാനുള്ള ന്യായമായ ഒരവസരം നൽകേണ്ടതാണ്.".

10. <u>11-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 11-ാം വകുപ്പിന്റെ,—

(എ) (1)-ാം ഉപവകുപ്പിൽ "സമിതി" എന്ന വാക്കിനുപകരം "ഫീസ് നിയന്ത്രണ സമിതി" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (2)-ാം ഉപവകുപ്പിലും അതിന്റെ ക്ലിപ്തനിബന്ധനയിലും "സമിതി" എന്ന വാക്കിനുപകരം " ഫീസ് നിയന്ത്രണ സമിതി" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

11. <u>12-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിന്റെ 12-ാം വകുപ്പിൽ "സമിതിയുടെ" എന്ന വാക്കിനുപകരം "സമിതികളുടെ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

12. <u>13-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിന്റെ 13-ാം വകുപ്പിൽ "സമിതിയിലെ" എന്ന വാക്കിനുപകരം "സമിതികളിലെ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

13. <u>16-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിന്റെ 16-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിൽ,—

(i) (എ) ഖണ്ഡത്തിൽ "സമിതിയുടെ" എന്ന വാക്കിനുപകരം "സമിതികളുടെ" എന്ന വാക്ക് ചേർക്കേണ്ടതാണ് ;

(ii) (ബി) ഖണ്ഡത്തിൽ "സമിതിയുടെ" എന്ന വാക്കിനുപകരം "സമിതികളുടെ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

14. 17-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 17-ാം വകുപ്പ് വിട്ടുകളയേണ്ടതാണ്.

15. 19-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 19-ാം വകുപ്പ് വിട്ടുകളയേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കേരള സംസ്ഥാനത്തെ സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം ക്രമപ്പെടുത്തുന്നതിനും ഫീസ് നിശ്ചയിക്കുന്നതിനും മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പട്ടികജാതിയിലും പട്ടികഗോത്ര വർഗ്ഗത്തിലും മറ്റു പിന്നാക്ക സമുദായങ്ങളിലുംപെട്ട വിദ്യാർത്ഥികൾക്ക് സീറ്റ് സംവരണം ചെയ്യുന്നതിനും വ്യവസ്ഥ ചെയ്യുന്നതിനും വേണ്ടി ഒരു നിയമനിർമ്മാണം നടത്തുവാൻ സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ആക്റ്റ് (2017-ലെ 15) കേരള സംസ്ഥാന നിയമസഭ പാസ്സാക്കുകയുണ്ടായി. പ്രസ്തുത ആക്റ്റിലെ വ്യവസ്ഥകൾ ചോദ്യം ചെയ്തു കൊണ്ട് സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മാനേജുമെന്റുകൾ സമർപ്പിച്ച 30032/2017 (D) നമ്പർ റിട്ട് ഹർജിയും അനുബന്ധ റിട്ട് ഹർജികളും തീർപ്പാക്കിക്കൊണ്ട് 02-11-2017-ൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ പ്രസ്തുത ആക്റ്റിലെ ചില വ്യവസ്ഥകൾ, അതായത്, കമ്മിറ്റി മീറ്റിംഗിനുള്ള ക്വാറം, താല്ക്കാലിക ഫീസ് നിശ്ചയിക്കുന്നതിനുള്ള അധികാരം, താല്ക്കാലിക ഫീസ് നിശ്ചയിച്ചത് സാധുവാക്കുന്നതിനുള്ള വ്യവസ്ഥ, സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെടുന്നതിനുള്ള വ്യവസ്ഥ, തുടങ്ങിയവ റദ്ദാക്കുകയുണ്ടായി. പ്രവേശനം നിയന്ത്രിക്കലും ഫീ നിയന്ത്രിക്കുന്നതും തികച്ചും വ്യത്യസ്തങ്ങളായ രണ്ടു സംഗതികളായതിനാൽ ഇവ ഓരോന്നിനും പ്രത്യേക കമ്മിറ്റികളാകുന്നതാണ് ഉചിതം എന്ന് നിരീക്ഷിച്ച കോടതി നിലവിലുള്ള പത്തംഗ കമ്മിറ്റിയുടെ ഘടന പുനഃപരിശോധിക്കുന്നതിനും നിർദ്ദേശിക്കുകയുണ്ടായി.

ബഹു. ഹൈക്കോടതിയുടെ പ്രസ്തുത വിധിന്യായത്തിന് അനുസൃതമായി 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ആക്റ്റിൽ ഭേദഗതി വരുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

1. പ്രവേശന മേൽനോട്ട സമിതി എന്ന പേരിലും ഫീസ് നിയന്ത്രണ സമിതി എന്ന പേരിലും ഓരോ സമിതികൾ രൂപീകരിച്ചുകൊണ്ട് ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുവാൻ ബില്ലിലെ 3-ാം ഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

2. ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ വിജ്ഞാപനങ്ങളോ ഉത്തരവുകളോ പുറപ്പെടുവിക്കേണ്ടത് അല്ലെങ്കിൽ ചട്ടങ്ങളോ റഗുലേഷനുകളോ ഉണ്ടാക്കേണ്ടത്, അവ നടപടിക്രമം സംബന്ധിച്ചുള്ളതും സാധാരണവും ഭരണപരവും ആയ സ്വഭാവത്തോടുകൂടിയതുമാണ്. കൂടാതെ, ചട്ടങ്ങൾ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം, അതിനാൽ സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

കെ. കെ. ശൈലജ ടീച്ചർ

## 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ആക്റ്റിൽ (2017-ലെ 15) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** ** **

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "സമുചിത അധികാരസ്ഥാനം" എന്നാൽ മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ നിലവാരം ഉറപ്പുവരുത്തുന്നതിനുള്ള മാനദണ്ഡങ്ങളും നിബന്ധനകളും നിശ്ചയിക്കുന്നതിനായി കേന്ദ്ര അല്ലെങ്കിൽ സംസ്ഥാന സർക്കാർ സ്ഥാപിച്ച ഒരു കേന്ദ്ര അല്ലെങ്കിൽ സംസ്ഥാന അധികാരസ്ഥാനം എന്നർത്ഥമാകുന്നു;

** ** ** **

(ഡി) "സമിതി" എന്നാൽ 3-ാം വകുപ്പ് പ്രകാരം രൂപീകരിച്ച പ്രവേശനവും ഫീസ് നിയന്ത്രണവും സമിതി എന്നർത്ഥമാകുന്നു;

** ** ** **

(എഫ്) "ഫീസ്" എന്നാൽ ട്യൂഷൻ ഫീസും വികസന ചാർജ്ജുകളും ഉൾപ്പെടെയുള്ള എല്ലാ ഫീസും എന്നർത്ഥമാകുന്നു;

** ** ** **

3. പ്രവേശനവും ഫീസ് നിയന്ത്രണവും സമിതിയുടെ രൂപീകരണം.—(1) സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള വിദ്യാർത്ഥികളുടെ പ്രവേശന പ്രക്രിയയുടെ മേൽനോട്ടം വഹിക്കുന്നതിനും മാർഗ്ഗദർശനം നൽകുന്നതിനും മെഡിക്കൽ കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികളിൽ നിന്നും ചുമത്താവുന്ന ഫീസ് നിശ്ചയിക്കുന്നതിനും വേണ്ടി, സർക്കാർ, ഗസറ്റ് വിജ്ഞാപനം വഴി, പ്രവേശനവും ഫീസ് നിയന്ത്രണവും സമിതി എന്ന് വിളിക്കപ്പെടുന്ന ഒരു സമിതി രൂപീകരിക്കേണ്ടതാണ്.

(2) സമിതിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

| | | |
|---|---|---|
| (എ) | സുപ്രീംകോടതിയിൽ നിന്നോ ഹൈക്കോടതിയിൽ നിന്നോ റിട്ടയർ ചെയ്ത ഒരു ജഡ്ജി | - ചെയർപേഴ്സൺ |
| (ബി) | ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി (എക്സ്- ഒഫീഷ്യോ) | - മെമ്പർ സെക്രട്ടറി |

(സി) ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് സെക്രട്ടറി (എക്സ്-ഒഫീഷ്യോ) - അംഗം

(ഡി) നിയമ സെക്രട്ടറി (എക്സ്-ഒഫീഷ്യോ) - അംഗം

(ഇ) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ (എക്സ്-ഒഫീഷ്യോ) - അംഗം

(എഫ്) പ്രവേശന പരീക്ഷാ കമ്മീഷണർ (എക്സ്-ഒഫീഷ്യോ) - അംഗം

(ജി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ ഒരു പ്രതിനിധി - അംഗം

(എച്ച്) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, ഒരു വിദ്യാഭ്യാസ വിദഗ്ധൻ - അംഗം

(ഐ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, പട്ടികജാതിയിലോ പട്ടിക ഗോത്രവർഗ്ഗസമുദായത്തിലോപെട്ട ഒരു വിദ്യാഭ്യാസ വിദഗ്ധൻ - അംഗം

(ജെ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, ഒരു ചാർട്ടേർഡ് അക്കൗണ്ടന്റ് - അംഗം

4. <u>സമിതിയുടെ കാലാവധിയും അംഗങ്ങളുടെ സേവന വ്യവസ്ഥകളും</u>.—(1) എക്സ്-ഒഫീഷ്യോ അംഗങ്ങൾ ഒഴികെയുള്ള സമിതിയിലെ അംഗങ്ങളുടെ ഔദ്യോഗിക കാലാവധി അതിന്റെ വിജ്ഞാപന തീയതി മുതൽ മൂന്ന് വർഷക്കാലമായിരിക്കുന്നതാണ്.

(2) സമിതിയിലെ അംഗങ്ങൾ ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് വിധേയമായി, പുതിയ സമിതി രൂപീകരിക്കപ്പെടുന്നതുവരെ തുടരേണ്ടതാണ്.

** ** ** **

(6) സമിതിയുടെ യാതൊരു പ്രവർത്തിയോ നടപടികളോ അതിന്റെ രൂപീകരണത്തിൽ എന്തെങ്കിലും ന്യൂനതയോ അപാകതയോ ഉണ്ടായിരുന്നു എന്ന കാരണത്താലോ ഏതെങ്കിലും അംഗത്തിന്റെ ഔദ്യോഗിക സ്ഥാനത്ത് ഏതെങ്കിലും ഒഴിവ് നിലവിലുണ്ടെന്നോ ഉള്ള കാരണത്താലോ അസാധുവായി കരുതപ്പെടാൻ പാടില്ലാത്തതാകുന്നു.

(7) സമിതി അതിന്റെ കാര്യനിർവ്വഹണത്തിനായി അതിന്റേതായ നടപടിക്രമങ്ങൾ ക്രമപ്പെടുത്തേണ്ടതാണ്.

** ** ** **

5. സമിതിയുടെ യോഗം.—(1) സമിതി, ആവശ്യമുള്ളപ്പോഴെല്ലാം ചെയർപേഴ്സൺ തീരുമാനിക്കുന്ന പ്രകാരമുള്ള സമയത്തും സ്ഥലത്തും യോഗം ചേരേണ്ടതാണ്.

(2) ചെയർപേഴ്സണോ, അദ്ദേഹത്തിന്റെ അഭാവത്തിൽ, യോഗത്തിന് ഹാജരായിട്ടുള്ള അംഗങ്ങൾക്കിടയിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന സമിതിയുടെ ഒരംഗമോ, യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്.

(3) സമിതിയുടെ യോഗത്തിന്റെ ക്വാറം നാല് ആയിരിക്കേണ്ടതാണ്.

6. അയോഗ്യത.—(1) ഏതെങ്കിലും സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനവുമായി കൂട്ടുചേർന്ന യാതൊരാൾക്കും സമിതിയുടെ ഒരു അംഗമാകാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

** ** ** **

7. സമിതിയുടെ ഉദ്യോഗസ്ഥരും മറ്റ് ജീവനക്കാരും.—(1) സർക്കാർ, സമിതിയുടെ ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് ആവശ്യമായേക്കാവുന്ന അങ്ങനെയുള്ള ഉദ്യോഗസ്ഥരെയും ജീവനക്കാരെയും സമിതിക്ക് നൽകേണ്ടതാണ്.

(2) സമിതിയുടെ ആവശ്യത്തിലേക്കായി നിയമിക്കപ്പെട്ട ഉദ്യോഗസ്ഥരുടെയും മറ്റ് ജീവനക്കാരുടെയും ശമ്പളവും ബത്തകളും മറ്റ് സേവന വ്യവസ്ഥകളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

8. സമിതിയുടെ അധികാരങ്ങളും ചുമതലകളും.—(1) സമിതി താഴെ പറയുന്ന അധികാരങ്ങൾ വിനിയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ്, അതായത് :—

(എ) ഓരോ മെഡിക്കൽ കോഴ്സിനെയും സംബന്ധിച്ച്, സ്ഥാപനത്തിന് ചുമത്താവുന്ന ഫീസ് നിശ്ചയിക്കുന്നതിന് സമിതിയെ പ്രാപ്തമാക്കുന്നതിന് ആവശ്യമാകാവുന്ന വിവരമോ പ്രമാണങ്ങളോ രേഖകളോ ഒരു നിശ്ചിത തീയതിക്കകം എത്തിച്ചുകൊടുക്കുവാൻ ഒരു സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനത്തോട് ആവശ്യപ്പെടാവുന്നതും അപ്രകാരം സമിതി നിശ്ചയിച്ച ഫീസിന് സർക്കാർ വിജ്ഞാപനം ചെയ്യാവുന്ന അങ്ങനെയുള്ള കാലയളവിലേക്ക് സാധുതയുണ്ടായിരിക്കുന്നതുമാകുന്നു;

(ബി) അന്തിമ ഫീസ് നിശ്ചയിക്കുന്നതിന് എന്തെങ്കിലും കാരണത്താൽ കാലതാമസം നേരിട്ടുമെന്ന് സമിതിക്ക് ബോധ്യമാകുന്നപക്ഷം അതിന് ഒരു താൽക്കാലിക ഫീസ് നിശ്ചയിച്ച് പ്രസിദ്ധപ്പെടുത്താവുന്നതും അങ്ങനെ ഫീസ് നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ച തീയതി മുതൽ തൊണ്ണൂറ് ദിവസത്തിനകം അന്തിമഫീസ് നിശ്ചയിക്കേണ്ടതും ആയത് (എ) ഖണ്ഡത്തിൽ പറഞ്ഞപ്രകാരം വിജ്ഞാപനം ചെയ്യേണ്ടതുമാണ്;

(സി) ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയോ വ്യവസ്ഥകൾക്ക് വിരുദ്ധമായ പ്രവേശനം സംബന്ധിച്ച് ഒരു പരാതി ലഭിക്കുമ്പോൾ പരാതി കേൾക്കുകയോ അല്ലെങ്കിൽ സ്വമേധയാ,—

(i) ഏതെങ്കിലും സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനം, ഇതിൻകീഴിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവേശനം നടത്തിയതോ ഈ ആക്റ്റിന്റെ വ്യവസ്ഥകൾ പ്രകാരം നിശ്ചയിക്കപ്പെട്ട ഫീസിൽ കൂടുതൽ ഫീസ് വസൂലാക്കുകയോ ക്യാപ്പിറ്റേഷൻ ഫീസോ കൊള്ളലാഭമോ സ്വീകരിക്കുകയോ ചെയ്യുന്നതിൽ അന്വേഷണം നടത്തുക;

(ii) (i)-ാം ഉപഖണ്ഡപ്രകാരമുള്ള അന്വേഷണം നടത്തുന്ന ആവശ്യത്തി ലേക്കായി സ്ഥാപനത്തിൽ പരിശോധന നടത്തുക:

എന്നാൽ, സമിതിക്ക്, സർക്കാരിന്റേയോ ബന്ധപ്പെട്ട സർവ്വകലാശാലയുടെയോ അല്ലെങ്കിൽ സമുചിത അധികാരസ്ഥാനത്തിന്റേയോ നിർദ്ദേശത്തിന്മേൽ ബന്ധപ്പെട്ട വകുപ്പ് തയ്യാറാക്കിയ ഏതെങ്കിലും പരിശോധനാ റിപ്പോർട്ടിന്മേൽ, (i)-ാം ഉപഖണ്ഡപ്രകാരമുള്ള ഒരു അന്വേഷണം നടത്തിയതിനു ശേഷം, (4)-ാം ഉപവകുപ്പുപ്രകാരം നടപടി സ്വീകരിക്കാവുന്നതാണ്.

(2) ഈ ആക്റ്റിൻകീഴിൽ നടത്തേണ്ടുന്ന ഏതെങ്കിലും അന്വേഷണത്തിന്റെ ആവശ്യത്തിലേക്കായി, സമിതിക്ക്, 1908-ലെ സിവിൽ നടപടി നിയമസംഹിത (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) പ്രകാരം ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഒരു സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളും താഴെപ്പറയുന്ന കാര്യങ്ങളെ സംബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(എ) ഏതെങ്കിലും സാക്ഷിയെ വിളിച്ചുവരുത്തുന്നതിനും ഹാജരാക്കൽ ഉറപ്പുവരുത്തുന്നതിനും സത്യപ്രസ്താവനയിന്മേൽ വിസ്തരിക്കുന്നതിനും;

(ബി) ഏതെങ്കിലും രേഖ കണ്ടെത്തുവാനും ഹാജരാക്കുവാനും ആവശ്യപ്പെടുന്നതിനും;

(സി) സത്യവാങ്മൂലത്തിന്മേൽ തെളിവ് സ്വീകരിക്കുന്നതിനും;

(ഡി) സാക്ഷികളെ വിസ്തരിക്കുന്നതിനും സ്ഥലപരിശോധന നടത്തുന്നതിനും വേണ്ടി കമ്മീഷനുകളെ അയയ്ക്കുന്നതിനും.

(3) സമിതി നിശ്ചയിച്ച ഫീസ് ആ അദ്ധ്യയനവർഷത്തിൽ സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനത്തിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് ബാധകമായിരിക്കുന്നതും പ്രസ്തുത സ്ഥാപനത്തിലോ സർവ്വകലാശാലയിലോ അയാളുടെ കോഴ്സ് പൂർത്തീകരിക്കുന്നതുവരെ പരിഷ്കരിക്കുവാൻ പാടില്ലാത്തതുമാകുന്നു. യാതൊരു സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനവും ഒരു വിദ്യാർത്ഥിയിൽ നിന്ന് ഒരു അദ്ധ്യയനവർഷത്തിൽ ഒരു വർഷത്തെ ഫീസിൽ കൂടുതൽ വരുന്ന ഒരു ഫീസ് വസൂലാക്കാൻ പാടില്ലാത്തതാകുന്നു. ഒരു അദ്ധ്യയനവർഷത്തിൽ ഒരു വർഷത്തെ ഫീസിൽ കൂടുതൽ വസൂലാക്കുന്നത് ക്യാപ്പിറ്റേഷൻ ഫീസ് വസൂലാക്കുന്നതായി വ്യാഖ്യാനിക്കപ്പെടുന്നതും അതിനെതിരെയുള്ള നടപടിക്ക് വിധേയരായിത്തീരുന്നതുമാണ്;

(4) സമിതിക്ക്, പ്രവേശനമോ ഫീസോ സംബന്ധിച്ച്, ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലെയോ വ്യവസ്ഥകൾ അങ്ങനെയുള്ള സ്ഥാപനം ലംഘിച്ചുവെന്ന് ബോധ്യമാകുന്നപക്ഷം, അങ്ങനെയുള്ള സ്ഥാപനത്തിനെതിരെ താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കുന്നതിനായി, അതിന്, സർക്കാരിനോട് ശിപാർശ ചെയ്യാവുന്നതാണ്, അതായത് :—

(എ) പത്തുലക്ഷം രൂപ വരെ പണമായുള്ള പിഴയും അതിന്മേൽ പ്രതിവർഷം പന്ത്രണ്ട് ശതമാനം എന്ന നിരക്കിൽ പലിശയും ചേർത്ത് സ്ഥാപനത്തിന്മേൽ ചുമത്തി അത് ഭൂമിയിന്മേലുള്ള പൊതുകര കുടിശ്ശിക എന്നപോലെ ഈടാക്കുക;

(ബി) ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയോ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഒരു പ്രത്യേക സ്ഥാപനത്തിലെ ഏതെങ്കിലും അല്ലെങ്കിൽ എല്ലാ സീറ്റുകളും സംബന്ധിച്ച് നടത്തിയ പ്രവേശനം അസാധുവാണെന്ന് പ്രഖ്യാപിക്കുക, അതിനുശേഷം സ്ഥാപനം, അങ്ങനെയുള്ള വിദ്യാർത്ഥിയുടെ പ്രവേശനം ഉടനടി റദ്ദാക്കേണ്ടതും അങ്ങനെയുള്ള വിദ്യാർത്ഥിയുടെ എൻറോൾമെന്റ് ബന്ധപ്പെട്ട സർവ്വകലാശാല റദ്ദാക്കേണ്ടതും വിദ്യാർത്ഥി ഇതിനകം ഹാജരായ ഏതെങ്കിലും പരീക്ഷയിലെ അയാളുടെ പരീക്ഷാഫലം റദ്ദാക്കേണ്ടതുമാണ്;

(സി) സമിതി നിശ്ചയിച്ച ഫീസിൽ കൂടുതലായി സ്ഥാപനം വാങ്ങിയ ഏതെങ്കിലും തുകയോ ക്യാപ്പിറ്റേഷൻ ഫീസായി വാങ്ങിയ ഏതെങ്കിലും തുകയോ കൊള്ളലാഭത്തിനുവേണ്ടി വാങ്ങിയ ഏതെങ്കിലും തുകയോ ഉത്തരവിൽ വിനിർദ്ദേശിച്ച പ്രകാരമുള്ള അങ്ങനെയുള്ള സമയത്തിനകം വിദ്യാർത്ഥിക്ക് സ്ഥാപനം മടക്കി നൽകണമെന്ന് ഉത്തരവിടുക:

എന്നാൽ, വിനിർദ്ദേശിക്കപ്പെട്ട സമയത്തിനകം വിദ്യാർത്ഥിക്ക് തുക മടക്കി നൽകുന്നതിൽ സ്ഥാപനം വീഴ്ചവരുത്തുന്നപക്ഷം, ആയത്, അതിന്മേൽ പ്രതിവർഷം പന്ത്രണ്ട് ശതമാനം എന്ന നിരക്കിൽ പലിശ സഹിതം ഭൂമിയിന്മേലുള്ള പൊതുകര കുടിശ്ശിക എന്ന പോലെ ഈടാക്കാവുന്നതും വിദ്യാർത്ഥിക്ക് നൽകേണ്ടതുമാണ്.

(ഡി) ഏതെങ്കിലും മെഡിക്കൽ കോഴ്സിലേക്ക് അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള കാലയളവിലേക്ക് പ്രവേശനം നിർത്തിവയ്ക്കുവാനോ അനുവദിക്കപ്പെട്ട സീറ്റുകളുടെ എണ്ണം കുറയ്ക്കുവാനോ സ്ഥാപനത്തിന് ഉത്തരവ് നൽകുക;

(ഇ) സ്ഥാപനത്തിന്റെ അംഗീകാരം പിൻവലിക്കുവാൻ സർവ്വകലാശാലയോടോ സമുചിത അധികാരസ്ഥാനത്തോടോ ശിപാർശ ചെയ്യുക;

(എഫ്) അതിന് യുക്തമെന്ന് തോന്നുന്ന മറ്റേതെങ്കിലും നടപടികൾ.

(5) ഒരു സ്ഥാപനത്തിലെ പ്രവേശനം നീതിയുക്തവും സുതാര്യവുമായ രീതിയിലാണ് നടത്തിയിട്ടുള്ളത് എന്ന് സമിതി ഉറപ്പുവരുത്തേണ്ടതാണ്.

** ** ** **

11. <u>ഫീസ് നിശ്ചയിക്കുന്നതിനുള്ള ഘടകങ്ങൾ.</u>—(1) സമിതി, ഒരു സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനത്തിന് ചുമത്താവുന്ന ഫീസ്, നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ, താഴെപ്പറയുന്ന ഘടകങ്ങൾ പരിഗണിച്ച് നിശ്ചയിക്കേണ്ടതാണ്, അതായത് :—

(എ) സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനം സ്ഥിതി ചെയ്യുന്ന സ്ഥലം;

(ബി) മെഡിക്കൽ കോഴ്സിന്റെ സ്വഭാവം;

(സി) സ്ഥലത്തിന്റെയും കെട്ടിടത്തിന്റെയും മുതൽമുടക്ക്;

(ഡി) ലഭ്യമായ അടിസ്ഥാന സൗകര്യങ്ങളും മറ്റ് സജ്ജീകരണങ്ങളും, അദ്ധ്യാപക - അദ്ധ്യാപകേതര ജീവനക്കാരും;

(ഇ) മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ഭരണത്തിനും നടത്തിപ്പിനും ഉള്ള ചെലവ് ;

(എഫ്) മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ വളർച്ചയ്ക്കും വികസനത്തിനും ആവശ്യമുള്ള ന്യായമായ ഒരു നീക്കിയിരിപ്പ്;

(ജി) മറ്റേതെങ്കിലും പ്രസക്ത ഘടകം.

(2) സമിതി, ഏതൊരു ഫീസും നിശ്ചയിക്കുന്നതിന് മുമ്പ്, സ്ഥാപനത്തിന് പറയുവാനുള്ളത് പറയുവാനുള്ള ന്യായമായ ഒരവസരം നൽകേണ്ടതാണ്.

എന്നാൽ, സമിതി നിശ്ചയിച്ചേക്കാവുന്ന അങ്ങനെയുള്ള യാതൊരു ഫീസും കൊള്ള ലാഭത്തിനോ വിദ്യാഭ്യാസത്തിന്റെ വാണിജ്യവൽക്കരണത്തിനോ കാരണമാകുവാൻ പാടില്ലാത്തതാകുന്നു.

12. അപ്പീൽ.—സമിതിയുടെ ഒരു ഉത്തരവുമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും, അങ്ങനെയുള്ള ഉത്തരവിന്റെ തീയതി മുതൽ മുപ്പത് ദിവസത്തിനകം ഹൈക്കോടതി മുമ്പാകെ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

13. ഉത്തമവിശ്വാസത്തിൽ ചെയ്ത പ്രവൃത്തികൾക്ക് സംരക്ഷണം.—ഈ ആക്റ്റിൻകീഴിൽ ഉത്തമവിശ്വാസത്തിൽ ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് സർക്കാരിനോ ഉദ്യോഗസ്ഥർക്കോ അല്ലെങ്കിൽ ജീവനക്കാർക്കോ ചെയർപേഴ്സണോ അല്ലെങ്കിൽ സമിതിയിലെ അംഗങ്ങൾക്കോ എതിരായി യാതൊരു വ്യവഹാരമോ, പ്രോസിക്യൂഷനോ മറ്റ് നിയമ നടപടിയോ നിലനിൽക്കുന്നതല്ല.

** ** ** **

16. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ആവശ്യമായ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, അങ്ങനെയുള്ള ചട്ടങ്ങളിൽ താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്കായി വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത് :—

(എ) 4-ാം വകുപ്പ് (8)-ാം ഉപവകുപ്പ് പ്രകാരം സമിതിയുടെ ചെയർപേഴ്സന്റെയും അംഗങ്ങളുടെയും ശമ്പളവും ബത്തകളും മറ്റ് സേവന വ്യവസ്ഥകളും;

(ബി) 7-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം സമിതിയുടെ ആവശ്യത്തിലേക്കായി നിയമിക്കപ്പെട്ട സ്റ്റാഫിന്റെയും ജീവനക്കാരുടെയും ശമ്പളവും ബത്തകളും മറ്റ് സേവന വ്യവസ്ഥകളും;

** ** ** **

17. സർക്കാരും മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിലുള്ള ഉടമ്പടി.—മുൻപറഞ്ഞ വ്യവസ്ഥകളിലോ മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, സർക്കാരിന്, ഫീസോ അങ്ങനെയുള്ള മറ്റേതെങ്കിലും സംഗതിയോ സംബന്ധിച്ച് ഒന്നോ അതിലധികമോ സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ഏതൊരു ഉടമ്പടിയിലും ഏർപ്പെടാവുന്നതാണ്.

** ** ** **

19. <u>സാധൂകരണം</u>.—2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഓർഡിനൻസിലോ (2017-ലെ 14) അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടങ്ങളിലോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടെ എതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, 2017 ജൂലൈ 13-ാം തീയതിയിലെ AFRC 50/17/BDS/SFMC, AFRC 50/17/MBBS/SFMC എന്നീ നമ്പർ ഉത്തരവുകൾ പ്രകാരം പ്രവേശനവും ഫീസ് നിയന്ത്രണവും സമിതി താൽക്കാലികമായി ഫീസ് നിശ്ചയിച്ച നടപടിയും നിശ്ചയിച്ച ഫീസും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി അന്തിമ ഫീസ് നിശ്ചയിക്കുന്നതുവരെ സാധുവായി കരുതപ്പെടേണ്ടതും ആയത് പ്രസ്തുത ഓർഡിനൻസിൽ ഇതിനായി വ്യവസ്ഥ ഇല്ലായിരുന്നു എന്ന കാരണത്താലോ ഫീസ് നിശ്ചയിച്ച നടപടിക്രമങ്ങളിൽ ന്യൂനത ഉണ്ടായിരുന്നു എന്ന കാരണത്താലോ യാതൊരു കോടതിയിലും ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്തതുമാകുന്നു.

---